
ബൈബിൾ
ട്രൂത്
THE BIBLE TRUTH

# പുതിയ നിയമ സഭ

സ്ഥാപകൻ - ക്രിസ്തു. സ്ഥലം - യെരുശലേം. എപ്പോൾ - എ.ഡി. 33-ൽ.
മത്തായി 16:18 തല - ക്രിസ്തു എഫെ. 1:22 പ്രവൃത്തി 2:5-47
പ്രവൃത്തി 2 തലസ്ഥാനം - സ്വർഗ്ഗം - ഫിലി 3:20

| | | |
|---|---|---|
| സംഘടന എഫെ 3:15 | മൂപ്പന്മാർ | - തീത്തൊ 1:5-7, പ്രവൃത്തി 20:23 1തിമൊ 3:1-7 |
| | ശുശ്രൂഷകന്മാർ | - പ്രവൃത്തി 6:1 1തിമൊ 3:8-13 |
| | അംഗങ്ങൾ | - പ്രവൃത്തി 2:41-47, കൊലൊ 1:13, 1 കൊരി 1:2 |
| സഭയെ അറിയപ്പെട്ടത് എഫെ 3:15 | ദൈവസഭ | - 1കൊരി 1:2, പ്രവൃത്തി 20:28 |
| | ക്രിസ്തുവിന്റെ ശരീരം | - കൊലൊ 1:13, എഫെ 1:22-23 |
| | ക്രിസ്തുവിന്റെ സഭകൾ | - മത്താ. 16:18, റോമർ 16: 16 |
| | ക്രിസ്തുവിന്റെ മണവാട്ടി | - റോമർ 1:4, വെളി. 21:9 |
| അംഗങ്ങളെ അറിയപ്പെട്ടത് എഫെ 3:15 | ശിഷ്യന്മാർ | - യോഹ. 15:8, പ്രവൃത്തി 11:26 |
| | വിശുദ്ധന്മാർ | - റോമർ 1:7, 1 കൊരി 1:2, ഫിലി. 1:1 |
| | സഹോദരന്മാർ | - ലൂക്കോ 8:21, ഗലാത്യർ 6:1 |
| | മക്കൾ | - ഗലാത്യർ 3:26, 1 യോഹ 2:1 |
| | ക്രിസ്ത്യാനികൾ | - പ്രവൃത്തി 11:26, 26:28, 1 പത്രൊ 4 :16 |
| വിശ്വാസ നിയമവും | ദൈവവചനം | - മത്തായി 28:18-20, 2 തിമൊ. 3:16-17 2 പത്രൊ 1:3 |
| പരിശീലനവും | പാട്ട് | - കൊലൊ 3:16, എഫെ 5:19, 1 കൊരി 14:15, എബ്രാ 2:12 |
| | പ്രാർത്ഥന | - 1തെസ 5:17 |
| | പ്രസംഗം | - പ്രവൃത്തി 5:42 |
| ആരാധന | കർത്ത്യമേശ | - പ്രവൃത്തി 20:7, 1 കൊരി 11:23 |
| | ധർമ്മ ശേഖരം | - 1 കൊരി 16:1-2 |
| ദൗത്യം | ആത്മാക്കളെ രക്ഷിക്കൽ | - മത്താ. 5:13-16, യോഹ 15:8-16, 1 തിമൊ 4:16 |
| മുന്നറിയിപ്പ് | വിശ്വസ്തരായിരിക്കണം | - മത്തായി 15:9, 15:13, ഗലാ. 1:6-8, 2 യോഹ. 9-10 |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനഃരേകീകരണം

**Vol. 19 AUGUST 2005 No. 5**

## *എഡിറ്റോറിയൽ*

ദൈവത്തോടു മത്സരിക്കുന്നവർ ഈ ലോകത്തു ധാരാളമുണ്ട്. എന്താണതിനു കാരണം? ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല എന്നതാണോ കാരണം? അതോ ദൈവത്തെ മനസ്സിലാക്കാത്തതാണോ? ദൈവത്തെ വാസ്തവത്തിൽ മനസ്സിലാക്കാത്തതു കൊണ്ടാണോ? ഇതിനുള്ള ശരിയായ ഉത്തരം ബൈബിളിലെ സംഭവങ്ങൾ നോക്കിയാൽ മനസ്സിലാകും. പഴയനിയമ കാലയളവിൽ ജീവിക്കുന്നവരും നാമും തമ്മിൽ പല വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ഈ കാര്യത്തിൽ പലരും യോജിക്കുന്നുണ്ട്. പലരും മനസ്സിനെ വഴിതിരിച്ചു വിടുകയാണ്. ഉദാഹരണമായി പ്രലോഭനങ്ങളും വാഗ്ദാനങ്ങളും ആണ് ഇതിനു പ്രേരകമായി തീരുന്നത്. ഏദെൻ തോട്ടത്തിൽ എല്ലാ നന്മകളും അനുവദിച്ചിട്ടും അവർ അമിത മോഹത്തിനിരയായി. അങ്ങനെ ദൈവ നിയമത്തോട് മറുതലിച്ചു. സംശയം, തെറ്റിദ്ധാരണയായി മാറി, പ്രതികരണം മത്സരിച്ചു എതിരായി പ്രവർത്തിക്കാനൊരുങ്ങി. തല്ഫലമായി അവർ ദൈവത്തിന്റെ കോപവും ശാപവും ഏറ്റുവാങ്ങി. ഫലം നിരാശാജനകമായി തീർന്നു.

തുടർന്നുണ്ടായ തലമുറയും അതിൽ നിന്നു അധികം വ്യത്യസ്തരാകുന്നില്ല. ദൈവത്തോടുള്ള നീരസം പകയായും സഹോദരനെ കൊല്ലുന്നതിലേയ്ക്കും തിരിഞ്ഞു. ദൈവഹിതത്തെ മാനിക്കാതെ വഴിപാടു കഴിച്ചതു ദൈവം സ്വീകരിച്ചില്ല. സഹോദരൻ ദൈവഹിതത്തെ മാനിച്ചു വഴിപാട് അർപ്പിച്ചു. അതു കണ്ടപ്പോൾ അവന് സ്വന്തം സഹോദരനോടു വിദ്വേഷം വർദ്ധിച്ചു. അതു

കുലപാതകത്തിൽ കലാശിച്ചു. മനുഷ്യൻ പിന്നെ അതിക്രമത്തിനു അധീനരായി ജീവിക്കാൻ തുടങ്ങി. ജനങ്ങൾ പെരുകിയതോടെ ഇതു കൂടുകയല്ലാതെ കുറഞ്ഞില്ല. ദൈവത്തെ അനുസരിക്കുന്ന വരെ അവൻ പ്രത്യേകമായി അനുഗ്രഹിക്കും. അല്ലാത്തവരെ ദൈവം അനുഗ്രഹിക്കയില്ല. ഇതാണ് ദൈവത്തിന്റെ നിയമം. ദൈവത്തിൽ വിശ്വാസമുള്ള ജനം ദൈവ കല്പന പ്രമാണിക്കും. മതത്തെ ദൈവത്തേക്കാൾ സ്നേഹിക്കുന്നവരുണ്ട്. പാരമ്പര്യത്തെയും സമ്പ്രദായങ്ങളെയും അമിത പ്രാധാന്യത്തോടെ കാണുന്നവർ ദൈവത്തെ കണക്കാക്കാത്തവരാണ്. ദൈവത്തേക്കാൾ മനുഷ്യർക്കു പ്രാധാന്യം കൊടുക്കുന്നവർ മനുഷ്യരെയായിരിക്കും അനുസരിക്കുക. ഇതും ദൈവത്തോടു മറുതലിക്കുന്ന സ്വഭാവമാണ്.

ആശയ വിനിമയത്തിന്റെ കുറവല്ല, കാര്യങ്ങൾ ഗ്രഹിക്കാത്തതുമല്ല കാരണം. ദൈവം പല രീതിയിൽ പിതാക്കന്മാരിൽ കൂടെ സംസാരിച്ചു ഓരോ കുടുംബത്തിനും വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിരുന്നു. നിയമങ്ങളും ചട്ടങ്ങളും അതാതു കാലത്തു കൊടുത്തിരുന്നു. മുന്നറിയിപ്പും നല്കിയിരുന്നു. പക്ഷേ ദൈവത്തിൽ നിന്നു മനുഷ്യരെ അകറ്റുന്ന ശക്തിയെ ആളുകൾ തിരിച്ചറിഞ്ഞില്ല. ദൈവ വാഗ്ദാനങ്ങളെ തെറ്റിദ്ധരിപ്പിക്കയാണ് സാത്താന്റെ പ്രവൃത്തി. അദൃശ്യനായ സാത്താന്റേയും അവന്റെ തന്ത്രങ്ങളേയും ദൈവിക പരിജ്ഞാനമില്ലാത്തവർക്കു മനസ്സിലാകയില്ല. ദൈവത്തിൽ ശരിയായ വിശ്വാസമില്ലാത്തവർക്കു പിശാചിലും വിശ്വാസമില്ല. അതുകൊണ്ടവർ പെട്ടെന്ന് വഞ്ചനയിൽ കുടുങ്ങുന്നു. ഇതിനെയാണ് എല്ലാവരും തിരിച്ചറിയേണ്ടത്, മതപരിവർത്തനമോ മതവിദ്വേഷമോ അല്ല ഇന്നു മനുഷ്യർക്കാവശ്യം, യാഥാർത്ഥ്യത്തെ തിരിച്ചറിയലാണ്. അന്ധവിശ്വാസവും അനാചാരവും പ്രയോജനരഹിതമത്രെ. പ്രായോഗിക ജീവിതത്തിനു ആവശ്യമായതു കരുതിക്കൊള്ളണം.

സത്യത്തെ എതിർക്കുന്നവർ അതിന്റെ ശക്തിയെ ഭയക്കുന്നവരാണ്. സത്യത്തെ വില്ക്കുവാൻ ശ്രമിക്കുന്നതു പാഴ് ശ്രമമാണ്. കാരണം സത്യത്തെ അസത്യം കൊണ്ട് തടുക്കുവാനാകില്ല. ഇതിൽ പരാജയപ്പെടുന്നതു അസത്യമായിരിക്കും. ഭോഷ്ക്കിനെ സ്നേഹിക്കുന്നവരാണ് അസത്യത്തെ വെറുക്കുന്നവർ. യഥാർത്ഥ സത്യം ദൈവത്തിന്റെ വചനമാണ്.

★

# സഭയെക്കുറിച്ച് കൂടുതൽ പറയാൻ കാരണം ?

**J.C.ചോട്ട്**

ബൈബിളിനെസംബന്ധിച്ചു ധാരാളം പ്രസംഗങ്ങളും ക്ലാസുകളും എല്ലാം നടന്നിട്ടുണ്ട്. എന്നാൽ നിരവധി പേർ സഭയെ നിഷേധ സ്വഭാവത്തിൽ കാണുന്നുണ്ട്. ജപ്പാനിൽ അനേകം ആളുകൾ യേശുവിൽ താല്പര്യമുള്ളവരാണ്, പക്ഷേ അവർക്കു സഭയിൽ താല്പര്യമില്ല എന്നു പറഞ്ഞു കേൾക്കുന്നുണ്ട്. അടുത്ത സമയത്തു ഉയർന്ന ഒരു സംഘടനയായ വോയ്സ് ഓഫ് അമേരിക്ക "ക്രിസ്ത്യൻ റോക്ക്" എന്നതു ചർച്ച ചെയ്യാൻ തുടങ്ങി അവർ വിലയിരുത്തിയതു, യുവാക്കൾ യേശുവിനെ അറിയാൻ ആഗ്രഹിക്കുന്നവരാണ്. പക്ഷേ സഭ എന്ന വിഷയത്തിലേയ്ക്കു വരുമ്പോൾ അവർ ഒഴിഞ്ഞു മാറുന്നു. എന്താണിങ്ങനെ സംഭവിക്കുന്നത്? ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ അവർ കാണുന്നില്ലേ? ക്രിസ്തുവാണ് സഭയെ പണിഞ്ഞതെന്നു അവർക്കറിഞ്ഞുകൂടെ? കർത്താവ് അതിനുവേണ്ടി മരിച്ചു, അവൻ സഭയുടെ രക്ഷകനായി തീർന്നു. വീണ്ടും അവൻ വന്നു സഭയെ എടുത്തു പിതാവായ ദൈവത്തിനു സമർപ്പിക്കും. ഈ കാര്യമൊന്നും അവർ അറിഞ്ഞിട്ടില്ലേ ?

ആദ്യമായി മതപരമായ ലോകത്തിലെ എല്ലാ നാമധേയ വിഭാഗങ്ങളും ബൈബിളിൽ തിരിച്ചറിയുന്ന സഭയിൽ നിന്നു വളരെ അകലെയാണ്. അവരെല്ലാം വിചാരിക്കുന്നതു സഭ ഒരു നാമധേയ വിഭാഗമായിട്ടാണ്. അതുകൊണ്ട് സഭയെ എന്തെല്ലാം പേരിട്ടു വിളിക്കാമോ അതെല്ലാം ചെയ്യും. ഏതെല്ലാം രീതിയിലുള്ള ആരാധനാക്രമങ്ങൾ വേണോ അതെല്ലാം എടുക്കും. പരിശീലനമാണെങ്കിലും അതേ രീതിയിൽ ഊഹിക്കാൻ പറ്റുന്നതും പറ്റാത്തതുമായ എല്ലാം പരിശീലിക്കുന്നു. അവ അന്യോന്യം സ്പർദ്ധയും മത്സരവും,സംഘർഷവും ഉണ്ടാക്കുന്നു. ഓരോ ഗ്രൂപ്പും തങ്ങളാണ് ശ്രേഷ്ഠമെന്നു കരുതുന്നു, അവരുടെ ഇടയിലെ തെറ്റുകൾ ചൂണ്ടിക്കാണിച്ചാൽ അതു പ്രശ്നം ഉണ്ടാക്കും. സഭയുടെ മാഹാത്മ്യം തിരിച്ചറിയാതെ സഭയ്ക്കു പ്രാധാന്യമില്ലെന്നു കരുതി കർത്താവിന്റെ വിശുദ്ധീകരണത്തെ അവഗണിക്കയാണ് അവർ. ഏതെങ്കിലും സഭയിൽ ആരാധിച്ചാൽ

മതി എന്നു പറയുന്നവർ ആരാധനയുടെ മാഹാത്മ്യം പോലും എടുത്തു കളയുന്നു.എന്നാൽ ബൈബിളിൽ സഭയെക്കുറിച്ചു പറഞ്ഞതെന്താണ്? ബൈബിളിൽ സഭ അപ്രസക്തമാണോ? അവിടെ സഭയെ തീരെ ചെറുതായിട്ടാണോ പറഞ്ഞിരിക്കുന്നത് അല്ലെങ്കിൽ ആവശ്യമില്ലാത്തതായി സഭയെ പറയുന്നുണ്ടോ?

ശ്രദ്ധിക്കുക! നിങ്ങൾ ബൈബിളിലേയ്ക്കു ഇറങ്ങി ചെല്ലുമ്പോൾ അതിശയകരമായ ഒരു സത്യം വെളിപ്പെട്ടു കിട്ടും, അതെന്താണെന്നോ? ബൈബിൾ സന്ദേശത്തിലെ .കേന്ദ്രബിന്ദു വാസ്തവത്തിൽ സഭയാണ് എന്നത്രേ. ഈ സഭയുടെ ആവിർഭാവത്തെക്കുറിച്ചുളള പ്രവചനങ്ങൾ നിറഞ്ഞിരിക്കയാണ് പഴയനിയമത്തിൽ (യെശയ്യാവ് 2:23; യോവേൽ 2:28,29;ദാനിയേൽ2:44). സഭയേയും സഭാംഗങ്ങളുടേയും സവിശേഷതകളും ക്രിസ്തുവിന്റെ സന്ദേശത്തിലെ പാഠ്യവിഷയങ്ങൾ ആയിരുന്നു(മത്തായി6:9–13; 18:17). സഭ എങ്ങനെയായിരിക്കും ലോകത്തിൽ വരിക എന്നു യേശു പ്രവചിച്ചിട്ടുണ്ട് (മർക്കൊസ് 9:1; മത്തായി 16:18–19). സ്വർഗ്ഗരാജ്യം എന്ന സഭയെ കുറിച്ചു മനസ്സിലാക്കുവാൻ എളുപ്പമുളള നിരവധി ഉപമകൾ യേശു പഠിപ്പിച്ചിട്ടുണ്ട് (മത്തായി 12:13–25).

അപ്പൊസ്തല പ്രവൃത്തികളിലേയ്ക്കു നോക്കിയാൽ യെരുശലേമിൽ സഭ ആരംഭിക്കുന്നതായി കാണാം(പ്രവൃത്തി2). തുടർന്നു നടക്കുന്ന പ്രസംഗങ്ങൾ, ഉപദേശങ്ങൾ, മിഷനറി യാത്രകൾ, പരിവർത്തനങ്ങൾ എന്നിവ ഉപദ്രവങ്ങൾ കൂടെ ആയപ്പോൾ സഭ ലോകത്തിൽ എല്ലാ ഭാഗത്തേയ്ക്കും വ്യാപിച്ചു. റോമാ ലേഖനം തൊട്ടു യൂദാവരെയുളള ലേഖനങ്ങൾ പരിശോധിച്ചാൽ വ്യക്തികൾക്കും സഭകൾക്കുമായി എഴുതിയതെല്ലാം തന്നെ ഇടവകകളുടെ അടിസ്ഥാനത്തിനും നിലനില്പിനും ഉയർച്ചയ്ക്കും ആവശ്യമായ നിർദ്ദേശങ്ങൾ ആയിരുന്നു(1കൊരിന്ത്യർ3:11). അതിന്റെ വാങ്ങൽവില (പ്രവൃത്തി 20:28) അതിന്റെ നാമം (റോമർ16:16), അതിന്റെ രക്ഷിതാവ് (എഫെസ്യർ5:23)അതിന്റെ തല (കൊലൊസ്യർ1:18)അതിന്റെ ഐകരൂപ്യം(എഫെസ്യർ4:1–6)അതിന്റെ ഭാവി–കർത്താവു വീണ്ടും വരുമ്പോൾ സഭയെ പിതാവിനു ഏല്പിച്ചു കൊടുക്കും(1കൊരിന്ത്യർ15:24)

അവസാനം സഭയെ ഉപദ്രവിച്ചു കൊണ്ടിരുന്നതിനിടയിൽ ദൈവം സഭയെകുറിച്ചു സുപ്രധാന സന്ദേശം അറിയിക്കയുണ്ടായി. വ്യക്തികളെയും സഭയെ ഒന്നായും വളരെ ക്രൂരമായി മർദ്ദിച്ചെങ്കിലും വിജയം സഭയ്ക്കു തന്നെ എന്നു ക്രിസ്തു മുന്നറിയിക്കയും അങ്ങനെ സംഭവിക്കയും ചെയ്തു. രാജ്യം അഥവാ സഭ എന്ന ഈ രണ്ടു വാക്കുകളെ കുറിച്ചു(രണ്ടും ഒരേ സ്ഥാപനമാണ്) പരാമർശിക്കുന്ന ഭാഗങ്ങൾ ബൈബിളിൽ നിന്നു മാറ്റിയാൽ അധികമൊന്നും അവശേഷിക്കയില്ല എന്നതാണ് വാസ്തവം. മതപരമായ ആളുകൾ സഭയ്ക്കു പ്രാധാന്യം കൊടുക്കാതിരിക്കുന്നതു തിരിച്ചറിയുമ്പോൾ പലർക്കും ഞെട്ടലുളവാകും. കാരണം സത്യം ആളുകളിൽ എത്തിയിട്ടില്ല എന്നതാണ്.

പക്ഷേ സഭയെക്കുറിച്ചു ഇത്രമാത്രം പറയുവാൻ എന്തിരിക്കുന്നു എന്നു ആളുകൾ ചിന്തിച്ചേക്കാം. ഒന്ന് അതൊരു പുതിയ ശക്തമായ വിഷയമാണ്. അതുകൊണ്ട് ലോകത്തിലുള്ളവർക്കു അറിയാത്തതുമാണ്. രണ്ടാമതു ലോകസ്ഥാപനത്തിനു മുമ്പ് ദൈവം പദ്ധതിയിൽ ഉൾപ്പെടുത്തിയതാണ്. മനുഷ്യരെ പാപത്തിൽ നിന്നും പിശാചിന്റെ അധികാരത്തിൽ നിന്നും വിടുവിച്ചു വിശുദ്ധീകരിക്കപ്പെട്ട ഒരു കൂട്ടമായി നിർത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിനു വേണ്ടിയാണ് ദൈവം തന്റെ പുത്രനെ അയച്ചത്. ജഡിക ചിന്താഗതിയുള്ള മനുഷ്യരെ ആത്മികമായി മാറ്റുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശം. അതാണ് സഭയിലേയ്ക്കുള്ള പ്രവേശനം വീണ്ടും ജനനത്താൽ ആക്കിയത്. വീണ്ടും ജനിക്കാത്ത ആർക്കും സഭയിൽ പ്രവേശിക്കാൻ സാദ്ധ്യമല്ല(യോഹന്നാൻ 3:3-5). മനുഷ്യരെ ആത്മീയമായി രക്ഷിക്കുവാൻ ദൈവം ഒരുക്കിയ പദ്ധതി സ്വീകരിക്കുന്നവർക്കാണ് സഭയിൽ സ്ഥാനമുള്ളത്.

സഭയുടെ സംഘടന, ആരാധന, പ്രവൃത്തികൾ ലോകത്തിലുള്ള മറ്റു മനുഷ്യരെ ആകർഷിക്കുന്ന ആത്മീയ ഭവനമായി നാം തീരണം. ഒന്നാം നൂറ്റാണ്ടിൽ സഭയെ വളരെ നന്നായി പഠിപ്പിക്കാൻ കാരണം അതാണ്. പുതിയനിയമ ലേഖകന്മാർ എല്ലാം തന്നെ സഭയ്ക്കു ഊന്നൽ കൊടുത്തു എഴുതുവാൻ കാരണം നമ്മുടെ ആത്മീയ ജീവിതത്തിനു സഭ കൂടിയേ തീരൂ. ഈ ലോകത്തിൽ

മനുഷ്യർ താല്ക്കാലികമായി വസിക്കേണ്ടവരാണ്. നമ്മിലുള്ള ആത്മാവ് നിത്യമാണ്. പരിശുദ്ധനായ ദൈവത്തോടു നമുക്കു ബന്ധം പുലർത്തുവാൻ തടസ്സമായി നില്ക്കുന്നത് പാപമത്രെ. അതൊഴിവാക്കിയാൽ നമുക്കു ദൈവത്തോടു കൂട്ടായ്മയുണ്ട് (2തിമൊഥെയോസ് 3:16,17; 2പത്രൊസ്1:3;എബ്രായർ1:1–2). എല്ലാവരും ബൈബിളിലേയ്ക്കു തിരിഞ്ഞ് തിരുവചന സത്യം പരിശോധിച്ചാൽ അവർക്കും സത്യം തിരിച്ചറിയാം. നാമധേയ വിഭാഗങ്ങൾ ദൈവേഷ്ടത്തിനു വിരുദ്ധമാണ്. ദൈവത്തെയാണ് നാം പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നതെങ്കിൽ നാം സുവിശേഷം വിശ്വസിച്ച് അനുസരിക്കും. രക്ഷ പ്രാപിക്കുവാൻ കർത്താവ് കല്പിച്ചിട്ടുള്ള കല്പനകൾ അനുസരിക്കും. അങ്ങനെ അവൻ തന്റെ സഭയോടു ചേർക്കും.

മനുഷ്യർ ദൈവിക കാര്യങ്ങളെ അറിയുവാൻ മനുഷ്യരുടെ കല്പനകളെ ആശ്രയിക്കുന്നതുകൊണ്ട് ഏതു വിഷയത്തെ കുറിച്ചും ശരിയായി മനസ്സിലാക്കുന്നില്ല. ഒരു വിഭാഗം തെറ്റു വിശ്വസിക്കുന്നതുകൊണ്ട് സത്യസന്ധമായി ദൈവഹിതം അനുസരിച്ചു ജീവിക്കണമെന്നുള്ളവർ സത്യം കേൾക്കുമ്പോൾ അതു സ്വീകരിക്കും. അല്ലാത്തവർ അതിനെ അവഗണിക്കും. നിത്യജീവനും സ്വർഗ്ഗവും യാഥാർത്ഥ്യമാണെന്നു വിശ്വസിക്കുന്നവർ, തിരുവെഴുത്തുകൾ സത്യമാണെന്നു വിശ്വസിക്കുന്നവർ, അതു മാത്രമാണ് ഏകവഴി എന്നു തിരിച്ചറിയുവാൻ കഴിയുന്നവർ ക്രിസ്തുവിന്റെ ഏക സഭയെ ബൈ ബിളിൽ തിരിച്ചറിയും.

ഇതിനെല്ലാം അർത്ഥം സഭയാണ് രക്ഷിക്കുന്നതെന്നാണോ? അല്ല ക്രിസ്തുവാണ് രക്ഷിക്കുന്നത്. സഭ അവന്റെ ശരീരമാണ്, രക്ഷിക്കപ്പെടുന്നവരുടെ കൂട്ടമാണ്. സഭയുടെ രക്ഷിതാവാണ് ക്രിസ്തു(എഫേസ്യർ5:23). നാം നമ്മുടെ ഹൃദയങ്ങളെ ദൈവത്തിനു ഏല്പിച്ചു കൊടുക്കണം. സഭ വിശുദ്ധീകരിക്കപ്പെട്ടവരുടെ കൂട്ടമാണെങ്കിൽ എല്ലാവരും ആ വിശുദ്ധിയിൽ ജീവിക്കുന്നില്ലെങ്കിൽ അവർക്കെന്തു സംഭവിക്കും? അവർക്കു കർത്താവു വീണ്ടും വരുമ്പോൾ ന്യായവിധിയും ശിക്ഷാവിധിയുമാണുള്ളത്. മരണപര്യന്തം നാം വിശ്വസ്തരായിരിക്കണം. സഭയെ വില കുറച്ചു കാണരുത്. യേശു

തന്നെത്താൻ സഭയ്ക്കുവേണ്ടി കൊടുത്തതാണ്. അവന്റെ വിലയേറിയ രക്തത്താൽ സമ്പാദിച്ച ദൈവത്തിന്റെ ഏക ആത്മീയ കുടുംബമാണ് സഭ. സകല ആത്മിക അനുഗ്രഹങ്ങളും സഭയിലാണുള്ളത്.

★

സ്ത്രീകൾക്കുവേണ്ടി

## തെറ്റായ തീരുമാനങ്ങൾ- നിത്യമായ ഫലങ്ങൾ

### ബെറ്റി ബർട്ടൺ ചോട്ട്

ലോകത്തിലെ വിവിധ മതങ്ങളെ നോക്കിയാൽ അതു സ്വീകരിക്കണമെന്ന കാര്യത്തിൽ ആളുകൾ കലക്കത്തിലാണ്. ക്രിസ്ത്യാനിത്വം, യെഹൂദമതം, ബുദ്ധമതം, ഇസ്ലാം മതം, ടാസിമതം, സൊറെസ്റ്റേറിയനിസം, കത്തോലിക്ക, പ്രൊട്ടസ്റ്റന്റ് തുടങ്ങി നിരവധി മത വിഭാഗങ്ങൾ നമുക്കു ചുറ്റും ഉണ്ട്. ഓരോ മതവും ഓരോ ദൈവത്തേയും, വ്യത്യസ്ത വിശ്വാസവും ആരാധനയുമാണ് സ്വീകരിക്കുന്നത്. പാപങ്ങൾ നീങ്ങേണ്ടതിനു ഓരോന്നും വ്യത്യസ്ത സിദ്ധാന്തങ്ങളാണ് പഠിപ്പിക്കുന്നത്. ഏതാണു ശരിയായ മതമെന്നു ഒരാൾക്കു എങ്ങനെ അറിയാൻ കഴിയും? സത്യദൈവമാണ് ഇതിനുള്ള പരിഹാരം. ഈ കലക്കം ഒഴിവാക്കുവാൻ നാം എന്തു ചെയ്യണം?

ഈ കലക്കം ഒഴിവാക്കുവാൻ ഭൂരിഭാഗം ആളുകളും തീരുമാനിക്കുന്നത്, എന്റെ മാതാപിതാക്കൾ പൊയ്ക്കൊണ്ടിരുന്നു എന്ന കാരണത്താലോ, അല്ലെങ്കിൽ സത്യം അറിയാൻ മെനക്കെടാതെ ഇങ്ങനെ അങ്ങു പോയാൽ മതി എന്നു വിചാരിക്കയോ ചെയ്യുന്നതു സുരക്ഷിതത്വമാണോ? മാതാപിതാക്കളേക്കാൾ വിദ്യാഭ്യാസം നിങ്ങൾക്കു ലഭിച്ചിട്ടുണ്ടോ? അവരുടെ ജീവിത ശൈലിയാണോ നിങ്ങൾ തുടരുന്നത് !

നാം ബൈബിളിൽ നോക്കുമ്പോൾ അബ്രഹാമിന്റെ അപ്പനും വെല്ല്യപ്പനും വിഗ്രഹങ്ങളെ സേവിച്ചിരുന്നപ്പോഴാണ് അബ്രഹാമിനെ ദൈവം വിളിച്ചത്. അപ്പോൾ അവൻ തന്റെ പിതാവിന്റെ പാരമ്പര്യത്തെ വിട്ടു സ്വർഗ്ഗീയ ദൈവത്തെ അറിയുവാൻ പോയി (യോശുവ 24:2). വേറൊരാൾ പുതിയനിയമത്തിൽ തന്റെ മാതാപിതാക്കളുടെ

മതത്തെ ഉപേക്ഷിക്കുകയുണ്ടായി(പ്രവൃത്തി23:1).ശൗൽ നല്ല മനസാക്ഷിയോടെ ജീവിക്കയും നസ്രായനായ യേശുവിന്റെ നാമത്തിനു വിരോധമായി പലതും ചെയ്തു കൊണ്ടിരിക്കയും ചെയ്തു (പ്രവൃത്തി 26:9). എന്നാൽ തന്റെ രക്ഷിതാക്കളുടെ മതം, ക്രിസ്തുമശിഹയാണെന്ന സത്യത്തിലേയ്ക്കു വിരൽ ചൂണ്ടുന്നു എന്ന യാഥാർത്ഥ്യം മനസിലായപ്പോൾ അവൻ യെഹൂദമതം വിട്ടു സത്യ ക്രിസ്ത്യാനിയായി തീർന്നു.

സദൃശവാക്യങ്ങൾ 14:12 മുന്നറിയിക്കുന്നത്, മനുഷ്യനു ഒരുവഴി ചൊവ്വായി തോന്നുന്നു. അതിന്റെ അന്ത്യമോ നാശമത്രേ. ഈ ലോക ജീവിതത്തിൽ നാം ഓരോരുത്തരും ദൈവത്തോടു ഉത്തരവാദിത്വമുള്ളവരാണ്. മതരൂപത്തിലുള്ള സംഘടനകളിൽ കഴിയുന്ന വഞ്ചിക്കപ്പെട്ടവരായ അനേകം പേരുണ്ട്. പലരും മതപരമായി അനേക കാര്യങ്ങൾ ചെയ്യുന്നുണ്ട്. യേശു പറയുകയുണ്ടായി, ന്യായവിധിനാൾ അനേകർ വന്നു കർത്താവേ, ഞാൻ നിന്റെ നാമത്തിൽ അത്ഭുതങ്ങളും വീര്യപ്രവൃത്തികളും ചെയ്തില്ലയോ, നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കിയില്ലയോ എന്ന്. പക്ഷേ, അവരോടു കർത്താവു തീർത്തു പറയുമെന്നു പറഞ്ഞിരിക്കുന്നതു, ഞാൻ ഒരു നാളും നിങ്ങളെ അറിയുന്നില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ. അവൻ തുടർന്നു പറഞ്ഞു എന്റെ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ അനുഗ്രഹിക്കപ്പെടും. അല്ലാത്തവനെ തള്ളിക്കളയും.

നമുക്കു തന്നിരിക്കുന്ന തിരുവെഴുത്തുകൾ, ഉപദേശത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാണ്. സത്യ വചനത്തെ യഥാർത്ഥമായി പ്രസംഗിപ്പാൻ ലജ്ജിക്കാൻ സംഗതിയില്ലാത്ത വേലക്കാരനായി നാം തീരണം. മതപരമായി നമ്മെ നേർവഴിക്കു തിരിക്കുന്നതാണ് തിരുവെഴുത്തുകൾ. ഏതു മതത്തേയും മതഗ്രന്ഥങ്ങളെയും പരിശോധിക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. ഏതാണു യുക്തിക്കു നിരക്കുന്ന സത്യമെന്നു ബോധ്യപ്പെടുക. സത്യം ബോധ്യപ്പെട്ടാൽ അതു അനുസരിക്കുവാൻ തടസ്സമായി നില്ക്കുന്നതെന്തിനേയും വിട്ടുകളയണം. കുടുംബത്തെ

സ്നേഹിക്കേണ്ട എന്നോ, സമൂഹത്തിലെ മറ്റു മനുഷ്യരെ സ്നേഹിക്കരുത് എന്നൊന്നുമല്ല പറയുന്നത്. അവരെ കരുതി നമ്മുടെ ആത്മാവിനെ നാം നഷ്ടപ്പെടുത്തരുത്. കാരണം അവർക്ക് ആർക്കും നമ്മെ രക്ഷിക്കുവാൻ സാദ്ധ്യമല്ല. നമുക്ക് ഏക രക്ഷകനേയുള്ളൂ. അത് കർത്താവായ ക്രിസ്തുവാണ്.

★

## നിന്റെ വാക്കിനു ഞാൻ വലയിറക്കാം

**ക്ലെം തർമാൻ**

രാത്രിയിലാണ് വ്യാപാരാവശ്യങ്ങൾക്ക് മത്സ്യം പിടിക്കുവാൻ മുക്കുവർ സാധാരണ പോകുന്നത്. കാരണം രാത്രിയിലാണ് മീൻ ഓടിക്കളിച്ചു നടക്കുന്നത്. പത്രോസും അവന്റെ കൂട്ടാളികളും രാത്രി മുഴുവൻ വല വീശിക്കൊണ്ടിരുന്നു. പക്ഷേ അവർക്കൊന്നും കിട്ടിയില്ല. അങ്ങനെ അവർ വലയെല്ലാം കഴുകിക്കൊണ്ടിരുന്നപ്പോൾ യേശു അവരുടെ അടുക്കൽ ചെന്നു അവരോടു പറഞ്ഞു.....(ലൂക്കോസ് 5:4). നിങ്ങൾ ഒരു പരിചയ സമ്പന്നനായ മുക്കുവനാണെങ്കിൽ രാത്രി മുഴുവൻ വല വീശിയിട്ടും ഒന്നും കിട്ടാതിരിക്കുമ്പോൾ എവിടെയെല്ലാം വീശിയാൽ മീൻ കിട്ടുമെന്നറിയാമെങ്കിൽ എല്ലാ പരിശ്രമവും നടത്തി മതിയാക്കി വല കഴുകുമ്പോൾ ഒരാൾ പറയുകയാണ് ആഴത്തിൽ നീക്കി വലയിറക്കുവിൻ എന്ന്? നിങ്ങൾക്കു എന്തു തോന്നും ? മറുപടി പറഞ്ഞു, "നാഥാ ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; എങ്കിലും നിന്റെ വാക്കിനു ഞാൻ വലയിറക്കാം എന്നു പറഞ്ഞു"(വാക്യം 5).

അവർ അങ്ങനെ ചെയ്തപ്പോൾ പെരുത്തമീൻ കൂട്ടം അകപ്പെട്ടു വല കീറാറായി. അവർ അടുത്ത പടകിലെ കൂട്ടാളികളെ സഹായിപ്പാൻ മാടി വിളിച്ചു. അവർ വന്നു പടകു രണ്ടും മുങ്ങുമാറാകുവോളം നിറെച്ചു. ഇപ്പോൾ പത്രോസിനും കൂട്ടാളികൾക്കും എന്തു തോന്നിക്കാണും? ശീമോൻ പത്രൊസ് ഇതു കണ്ടിട്ടു, യേശുവിന്റെ കാൽക്കൽ വീണു. കർത്താവേ ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ടു എന്നെ വിട്ടു പോകേണമേ എന്നു പറഞ്ഞു

(വാക്യം 8). ഈ മീൻ പിടിത്തത്തിൽ പത്രോസിനും അവന്റെകൂടെ ഉണ്ടായിരുന്നവർക്കും സംഭ്രമം ഉണ്ടായി. കാരണം അതുവരെ അവ്ർക്കുണ്ടായിട്ടില്ലാത്ത അത്ഭുതകരമായ മീൻ പിടിത്തമാണ് അന്നു നടന്നത്. അതു അവർ യേശുവിന്റെ വാക്കു അനുസരിച്ചതുകൊണ്ടാണ് സംഭവിച്ചത്.

നമ്മുടെ ജീവിതത്തിൽ ചില സമയത്തു നാം നമ്മുടെ അറിവിലും കഴിവിലും അമിതമായി ആശ്രയിക്കും, അഹങ്കരിക്കും പക്ഷേ നാം നിരാശരായി തീരും. അപ്പോൾ നാം ആഴത്തിലേയ്ക്കു നീങ്ങി വലയിറക്കാൻ യേശു പറയും. നാം അങ്ങനെ ചെയ്താൽ ഫലം നിറവായിരിക്കും. ദൈവത്തിൽ വിശ്വാസമുള്ളവർക്കേ ഉടനെ ശരിയായി പ്രതികരിക്കാൻ കഴിയൂ. പത്രോസ് യേശുവിന്റെ വാക്കു വിശ്വസിച്ചതുകൊണ്ടാണ് വലയെറിഞ്ഞത്. അതുകൊണ്ടാണ് വലനിറയെ മീൻ കിട്ടിയത്. വിശ്വാസമാണ് ഒരാളെ പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്നത്. നിന്റെ വാക്കിനു ഞാൻ വലയിറക്കാം. മോശെയോടു അവന്റെ കയ്യിൽ ഇരിക്കുന്ന വടി നിലത്തിടാൻ പറഞ്ഞപ്പോൾ സർപ്പമായി (പുറപ്പാട് 4:1–3). പിന്നെ ദൈവം അവനോടു അതിന്റെ വാലിൽ പിടിച്ചെടുക്കുക എന്നു പറഞ്ഞു (വാക്യം 4). അതു വടിയായിരുന്നില്ല. അതിനു ബുദ്ധിയോ കഴിവോ അല്ല ആവശ്യമായിരുന്നത്. ദൈവം പറഞ്ഞതു അനുസരിക്കുവാനുള്ള മനോഭാവമാണ് മോശെക്കുണ്ടായിരുന്നത്. നീ പറഞ്ഞതുകൊണ്ട് ഞാൻ എടുക്കുന്നു എന്നതായിരുന്നു മോശെയുടെ ഉള്ളിൽ. അത് അവൻ എടുത്തപ്പോൾ വീണ്ടും വടിയായി തീർന്നു. അതേ വിശ്വാസമാണ് മോശെയിൽ നാം വീണ്ടും കാണുന്നത്. കടലിലേക്കു കയ്യിലിരുന്ന വടി എടുത്തു നീട്ടുവാൻ ദൈവം അവനോടു പറഞ്ഞു. അവൻ നീട്ടിയപ്പോൾ കടലിലെ വെള്ളം രണ്ടായി മാറി (പുറപ്പാട് 14:16,21,22). അതുപോലെയുള്ള വിശ്വാസമാണ് ഇന്നു നമുക്കാവശ്യം

## വാസ്തവത്തിലുള്ള വിശ്വാസത്തിന്റെ അളവ്

ചില ആളുകൾ അന്ധമായ വിശ്വാസത്തെക്കുറിച്ചു പറയാറുണ്ട്. വാസ്തവത്തിലുള്ള വിശ്വാസം അന്ധമായതല്ല. തെളിവിന്റെ അടിസ്ഥാനത്തിൽ വിശ്വസിക്കുന്നതാണ് (എബ്രായർ 11;1). തെളിവിന്റെ ഫലമായുള്ള വിശ്വാസമാണ് സത്യവിശ്വാസം.

ആസ്ട്രേലിയയിൽ ഞാൻ പോയിട്ടില്ലെങ്കിലും തെളിവിന്റെ അടിസ്ഥാനത്തിൽ ആസ്ട്രേലിയ നിലവിലുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. യേശുവിലുള്ള വിശ്വാസവും അതേപോലെ തെളിവിന്റെ അടിസ്ഥാനത്തിലാണ്. നിരവധി കാര്യകാരണ സഹിതം തെളിയിക്കപ്പെട്ട കാര്യങ്ങൾ നമുക്കു വിശ്വാസം പകരുന്നു. നിക്കൊദേമോസ് യേശുവിനോടു: റബ്ബീ നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു. ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്യാൻ ആർക്കും കഴിയില്ല എന്നു പറഞ്ഞു (യോഹന്നാൻ 3:2). അവൻ ചെയ്ത അത്ഭുതങ്ങളുടെ ഉദ്ദേശം അതായിരുന്നു (യോഹന്നാൻ 20:30-31).

ആ വിശ്വാസത്തിൽ നാം വ്യത്യസ്തമായി ചിന്തിച്ചു പ്രവർത്തിച്ചിരുന്നു എങ്കിൽ ക്രിസ്തുവിൽ വിശ്വാസം വന്ന ശേഷം നാം അതിനനുസരിച്ചു പ്രവർത്തിക്കാൻ തുടങ്ങും. കർത്താവു പറഞ്ഞതുകൊണ്ട് എന്ന മനോഭാവത്തിലേയ്ക്കു നാം മാറി. അല്ലെങ്കിൽ അവനിലുള്ള വിശ്വാസം അവന്റെ ഇഷ്ടത്തോടുള്ള പ്രതികരണമായി തീർന്നു. ഞാൻ വിശ്വസിച്ചതുകൊണ്ടു സംസാരിച്ചു എന്നാണ് അപ്പൊസ്തലനായ പൗലോസ് പറഞ്ഞത്(2കൊരിന്ത്യർ 4:13). സഹോദരന്മാരിൽ ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ട് എന്നു പറയുകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ?(യാക്കോബ് 2;14). മനുഷ്യൻ വെറും വിശ്വാസത്താലല്ല, പ്രവൃത്തികളാൽ തന്നെ നീതീകരിക്കപ്പെട്ടിരിക്കുന്നു(യാക്കോബ്2:24). എബ്രായ ലേഖനം 11-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന വിശ്വാസ വീരന്മാരെക്കുറിച്ചു വായിക്കുക. അവർ ഓരോരുത്തരും ദൈവം അവരോട് ചെയ്യാൻ പറഞ്ഞതിനെ ശരിയായി പ്രതികരിച്ചവരായിരുന്നു. ഹാബേൽ വിശ്വാസത്താൽ ഉത്തമമായ യാഗം അർപ്പിച്ചു. നോഹ വിശ്വാസത്താൽ പെട്ടകം ഉണ്ടാക്കി. അബ്രഹാമിനെ ദൈവം വിളിച്ചപ്പോൾ അവൻ അനുസരിച്ചു (എബ്രായർ 11:7,8).

## ക്രിസ്തുവിന്റെ രക്തത്തിലുള്ള ആശ്രയം

അവിശ്വാസികൾക്കും ധാർമ്മികതമാത്രം പിടിച്ചിരിക്കുന്നവർക്കും ക്രിസ്തുവിന്റെ രക്തത്തിലുള്ള ആശ്രയം ഭോഷത്വമാണ് (1കൊരിന്ത്യർ1:18). എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു അതൊരു പുതിയ ജീവിതം പണിയലാണ്. സകല മനുഷ്യരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായി. പാപം ചെയ്യുന്ന ദേഹി മരിക്കും..... പാപത്തിന്റെ ശമ്പളം മരണമത്രെ(റോമർ3:23); യെഹെസ്കേൽ 18:20; റോമർ 6:23. അതിൽ നാമും ഉൾപ്പെട്ടിരുന്നു. എന്നാൽ യേശുവിനെ, അവന്റെ ഉപദേശത്തെ കാണുവാൻ കഴിഞ്ഞു. അവന്റെ കഷ്ടതയും മരണവും മഹത്വത്തിന്റെ കിരീടത്തിനു അവകാശിയാക്കി. അവൻ മരണം ആസ്വദിച്ചതു ദൈവകൃപ നമുക്കു ലഭ്യമാക്കേണ്ടതിനായിരുന്നു(എബ്രായർ2:9). അവിടെയാണ് യേശുവിന്റെ ക്രൂശിലെ മരണത്തിനു മാറ്റു കൂട്ടുന്നത്. ഞാൻ കൊടുക്കേണ്ട പിഴ അവൻ എനിക്കു വേണ്ടി നൽകി(2കൊരിന്ത്യർ 5:14). അങ്ങനെ എനിക്കു ആത്മീയമായി ജീവിക്കാൻ കഴിഞ്ഞു

ക്രൂശിന്റെ പ്രാധാന്യത്തെ അപ്പൊസ്തലന്മാർ വിവരിക്കുന്നുണ്ട്. അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ 'വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നമ്മെ നീതീകരിക്കുന്നത്. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാക്കുവാൻ അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. രക്തം ചൊരിഞ്ഞിട്ടില്ലാതെ വിമോചനമില്ല (എബ്രായർ9:22). എന്നാൽ വീണ്ടെടുക്കപ്പെട്ടവർ പൊന്നുകൊണ്ടോ വെള്ളികൊണ്ടോ അല്ല. ക്രിസ്തുയേശുവിന്റെ വിലയേറിയ രക്തം കൊണ്ടത്രെ (1പത്രൊസ്1:18-19). കർത്താവിന്റെ യാഗത്തിൽ ചിന്തിയ രക്തമാണ് ഇന്നും സകല മനുഷ്യരുടെ ശുദ്ധീകരണത്തിനായുള്ളത്. നമുക്കു വേണ്ടതു അവന്റെ രക്തത്തിലുള്ള ആശ്രയമാണ്.

## സ്നാനമേറ്റു നിന്റെ പാപം കഴുകി കളക

നാം വിശ്വാസത്താലാണ് രക്ഷിക്കപ്പെടുന്നതു. അതിനു സ്നാനവുമായി ബന്ധമില്ല എന്നു ആരെങ്കിലും വാദിച്ചേക്കാം. എന്നാൽ യേശു എന്താണ് പറയുന്നത്! വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും...... മാനസാന്ത

രപ്പെട്ടു ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങളുടെ മോചനത്തിനായി സ്നാനമേല്പിൻ...സ്നാനമോ ഇപ്പോൾ നിങ്ങളെ രക്ഷിക്കുന്നു (മർക്കൊസ് 16:16;പ്രവൃത്തി 2:38; 1പത്രൊസ് 3:21). വാസ്തവത്തിൽ കർത്താവു സ്നാനം കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ ഉവ്വ് എന്നായിരിക്കും ഉത്തരം.

ക്രിസ്തുവിന്റെ സഭയെ ഉപദ്രവിച്ചുകൊണ്ടിരുന്ന ശൗൽ കർത്താവിനെ നേരിട്ടു കാണുകയും മൂന്നു ദിവസം ഉപവസിക്കയും ചെയ്തിട്ടും അവന്റെ അടുക്കലേയ്ക്കു അനന്യാസെന്ന സുവിശേഷകനെ അയച്ചു. അനന്യാസ് ശൗലിന്റെ അടുക്കൽ ചെന്നു ഇനി താമസിക്കുന്നതെന്ത്? എഴുന്നേറ്റു കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു പ്രാർത്ഥിച്ചു സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക എന്നു പറഞ്ഞു (പ്രവൃത്തി 22:16). ക്രിസ്തുവിന്റെ മരണത്തോടും അടക്കത്തോടും ഉയിർപ്പിനോടും പങ്കാളി ആവാനാണ് നാം സ്നാനം ഏല്ക്കുന്നത് (റോമർ 6:3–4). നാം അവന്റെ മരണത്തോട് ഏകീഭവിക്കുമ്പോൾ അവന്റെ രക്തത്താൽ നമ്മെ ശുദ്ധീകരിക്കുന്നു (എബ്രായർ 10:22). കർത്താവിന്റെ കല്പന അനുസരിക്കുവാനാണ് അനന്യാസ് ശൗലിനോടു പറഞ്ഞത്. അങ്ങനെ വചനപ്രകാരം സ്നാനമേറ്റു രക്ഷിക്കപ്പെടുന്നവരെ കർത്താവ് തന്റെ സഭയോടു ചേർക്കുന്നു(പ്രവൃത്തി 2:47).

സഭയിൽ കാര്യമൊന്നുമില്ല, സഭ ഏതായാലെന്താ, സഭയ്ക്കു വലിയ പ്രാധാന്യമൊന്നുമില്ല എന്നൊക്കെ ആളുകൾ പറഞ്ഞു വരാറുണ്ട് കർത്താവു തന്നെ സഭയെ പണിയും എന്നു പറഞ്ഞു (മത്തായി16:18). തന്റെ രക്തം കൊടുത്തു സമ്പാദിച്ചതാണ് സഭയെന്നു തിരുവെഴുത്തു പ്രഖ്യാപിക്കുന്നു(പ്രവൃത്തി20:28). ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം ദൈവം സഭയിലാണ് വെച്ചിരിക്കുന്നത് (എഫെസ്യർ3:10–11). നാം കർത്താവിനു മഹത്വം കൊടുക്കേണ്ടതു അവന്റെ സഭയിലാണ്. ദൈവത്തെ ഭയന്നു അവന്റെ കല്പനകളെ പ്രമാണിക്കയാണ് സകല മനുഷ്യരും വേണ്ടത് (സഭാപ്രസംഗി12:13). ദൈവം പ്രാധാന്യമുള്ളതാണെന്നു വെളിപ്പെടുത്തിയിരിക്കുന്നവയെ നാം ഒരിക്കലും അപ്രധാനമെന്നു കരുതരുത്.

★

# ബൈബിൾ എല്ലാവർക്കും ഒരുപോലെ മനസിലാക്കാൻ പറ്റാത്തതെന്തു?

**ലിയോൺ കോളെ**

പഴയൊരു ചോദ്യമാണെങ്കിലും വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. ബൈബിൾ ദൈവത്തിന്റെ വചനമാണ്. എല്ലാവർക്കും വേണ്ടി എഴുതപ്പെട്ടതുമാണ്. എങ്കിലും എല്ലാവർക്കും ഒരേപോലെയല്ല മനസിലാകുന്നത്. അതിനുള്ള എല്ലാ ഉത്തരങ്ങളും നമുക്ക് അറിഞ്ഞുകൂടാ. എങ്കിലും ഒരു കാര്യം തീർത്തു പറയാം. ദൈവമല്ല അതിനുത്തരവാദി. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യമാണ് വേദപുസ്തകം. വായിക്കുന്നതു ഏതു വിധത്തിലാണ് എന്നതു മുഖ്യമായ ഘടകമാണ്. നമ്മുടെ ഉള്ളിലെ മുൻ വിചാരമനുസരിച്ച് വിലയിരുത്തുന്നതും ബൈബിൾ ശരിയായി മനസിലാക്കാൻ കഴിയാതെ വരും. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം എന്തെന്നു ഗ്രഹിച്ചു കൊൾവിൻ എന്നാണ് പൗലോസ് എഴുതിയത് (എഫെസ്യർ 5:17). ഇതൊരു പ്രയാസമുള്ള കല്പനയല്ല. ബൈബിളിലെ ചില കാര്യങ്ങൾ വ്യത്യസ്തമായി മനസിലാക്കുന്നവർ ബൈബിൾ മൊത്തമായി മനസിലാക്കുന്നതേയില്ല.

## വായനക്കുറവ്

ഗ്രഹിക്കുവാൻ വായന അത്യാവശ്യമാണ്. വായനക്കുറവുകൊണ്ട് ആളുകൾക്കു മനസിലാകാതെ പോകുന്നു ധാരാളം സമയം ബൈബിൾ വായിക്കുവാൻ ചെലവിട്ടാൽ നമുക്കു അനാവശ്യമായി സമയം പാഴാക്കേണ്ടി വരികയില്ല. പൗലോസ് തിമൊഥെയോസിനെ പ്രബോധിപ്പിക്കുമ്പോൾ വായനയിൽ ശ്രദ്ധിച്ചിരിക്കാൻ പറയുന്നുണ്ട് (1 തിമൊഥെയൊസ് 4:13). ഗ്രഹിക്കണമെങ്കിൽ ശ്രദ്ധാപൂർവ്വമായ വായന വേണം. അശ്രദ്ധമായി വായിച്ചാൽ വായിക്കുന്നവർക്കു മനസിലാകയില്ല. യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു രാപ്പകൽ ധ്യാനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ (സങ്കീർത്തനങ്ങൾ 1:2). രാവും പകലും വായിക്കണം. അതു ദൈവത്തിന്റെ വചനമാണെങ്കിൽ പരിജ്ഞാനത്തിലെത്തും. മാനുഷികമായ പലതും വായിക്കുവാൻ പലർക്കും താല്പര്യമുണ്ട്.

പക്ഷേ ബൈബിൾ വായിക്കുവാൻ അവർക്കു രസം തോന്നാറില്ല. അതുകൊണ്ട് ഏതെങ്കിലും ഒരറ്റം വായിച്ച് കഴിഞ്ഞ് മനസ്സിലാക്കാൻ പ്രയാസമെന്ന ഭാവത്തിൽ മാറ്റിവെക്കും.

അജ്ഞതയാണ് ആളുകൾ തെറ്റിപ്പോകുന്നതിനുള്ള ഒരു കാരണം (ഹോശേയ 4:6). "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചു പോകുന്നു" എന്നു പഴയനിയമത്തിൽ ദൈവം അരുളി ചെയ്തിരിക്കുന്നു. പരിജ്ഞാനം ത്യജിച്ചതുകൊണ്ട് ഞാൻ നിന്നെ ത്യജിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു. യഹോവയുടെ വചനം മറക്കുന്നവരുടെ മക്കളെ ഞാൻ മറക്കും എന്നു അവൻ മുന്നറിയിച്ചിരിക്കയാണ്. ദൈവിക പരിജ്ഞാനക്കുറവ് ആളുകളിൽ വിശ്വാസം ഇല്ലാതാക്കും. വിശ്വാസക്കുറവ് അവരെ ദൈവത്തിൽ നിന്നകറ്റും.

ബൈബിൾ പരിജ്ഞാനമാണ് ഒരാളെ ദൈവത്തെ അറിയുവാൻ സഹായിക്കുന്നത്. ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിക്ക, വൃദ്ധനായാലും അതു വിട്ടുമാറുകയില്ല എന്നു ശലോമോനിൽ കൂടെ ദൈവം പറഞ്ഞിട്ടുണ്ട്. ദൈവത്തെ അറിയുവാൻ ബൈബിൾ വായിക്കുക. പ്രാർത്ഥനയോടെ വായിച്ചു ധ്യാനിക്കുക. പരിജ്ഞാനമുള്ളവരുമായി സംശയ ദൂരീകരണം നടത്തുക.

## പാരമ്പര്യം തടസമാകുന്നു

ബൈബിൾ കൂടുതൽ വായിക്കുകയോ, അറിയുകയോ ചെയ്യേണ്ട ആവശ്യമില്ലെന്നു ചില നാമധേയ വിഭാഗക്കാർ അവരുടെ അംഗങ്ങളെ ധരിപ്പിച്ചിരിക്കുന്നു. അവർക്കു വലുതു അവരുടെ മനുഷ്യനിർമ്മിത സമുദായമാണ്. ബൈബിളിൽ ആ സമുദായമോ അവരുടെ ആചാരങ്ങളോ ആളുകൾ കാണാതെ വരുമ്പോൾ അവരുടെ മതാദ്ധ്യക്ഷന്മാരെ ചോദ്യം ചെയ്യുമെന്ന ഭയം അവരുടെ നേതാക്കന്മാർക്കുണ്ട്. ക്രിസ്തുവിന്റെ അനുയായികളെ യെഹൂദന്മാരുടെ സമ്പ്രദായത്താൽ അവർ കുറ്റപ്പെടുത്തുകയുണ്ടായി. യേശുവിന്റെ ശിഷ്യന്മാർ കൈ കഴുകാതെ ഭക്ഷണം കഴിക്കുന്നതു കണ്ട യെഹൂദന്മാർ യേശുവിനോടു ചോദ്യം ചെയ്തു. നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം ലംഘിക്കുന്നത് എന്ത്? അവർ ദൈവത്തിന്റെ നിയമം ഒന്നും ലംഘിച്ചില്ല. മനുഷ്യരുടെ

സമ്പ്രദായം മാത്രമാണ് ലംഘിച്ചത്. പക്ഷേ ചിലപ്പോൾ മനുഷ്യരും ഈ സമ്പ്രദായം ദൈവവചനം അറിയാതിരിക്കാൻ ആളുകളുടെ മനസു കുരുടാക്കിക്കളയും. യേശു യെഹൂദന്മാരോട് ചോദിച്ചത്, നിങ്ങൾ നിങ്ങളുടെ സമ്പ്രദായങ്ങൾകൊണ്ട് ദൈവവചനത്തെ ദുർബലമാക്കുന്നത് എന്ത്? അങ്ങനെ അവർ ദൈവകല്പന ലംഘിക്കയായിരുന്നു.

ഒരാൾ പ്രസംഗിക്കുന്നു എങ്കിൽ അവൻ ദൈവത്തിന്റെ അരുളപ്പാട് സംസാരിക്കട്ടെ (1പത്രോസ് 4:11) എഴുതിയിരിക്കുന്നതിനപ്പുറമായി ഭാവിക്കരുത് (1കൊരിന്ത്യർ4:6). മനുഷ്യരിൽ പ്രഗത്ഭരായവർ പലതും ബദലായി എഴുതിയിട്ടുണ്ട്. അവർ പണ്ഡിതന്മാരായേക്കാം. പക്ഷേ നാം യേശുവിന്റെ നാമത്തിൽ മറ്റൊരു മനുഷ്യനാമം എടുക്കരുത്. നാം ദൈവത്തോടാണ് വിശ്വസ്തത പുലർത്തേണ്ടത്. തിരുവെഴുത്തു മനസിലാക്കാൻ തടസമായിരിക്കുന്ന ഏതു വിഭാഗമാണെങ്കിലും ആ വിഭാഗത്തെ വിട്ടുകളയുവാൻ മനസു വേണം.

## ദുരഭിമാനം മറ്റൊരു തടസം

സത്യത്തെ തടുക്കുന്ന മറ്റൊരു മാനസിക പ്രതിഭാസമാണ് ദുരഭിമാനം. ഞാൻ ബൈബിൾ അനുസരിച്ചാൽ സമൂഹം എന്തു വിചാരിക്കും!. അവർ എന്തു പറയും? പുറത്തിറങ്ങി നടക്കേണ്ടേ? ഇതാണ് അവരുടെ ചിന്ത. തങ്ങളുടെ ജീവിതം ഭദ്രമാക്കണമെന്നു ഭൗതികമായി ചിന്തിക്കുന്നവർ ആത്മീയമായി ദുരഭിമാനത്തിന്റെ പേരിൽ ആളുകളെ നോക്കുകയാണ്. നമ്മെ ആത്മീയമായി രക്ഷിക്കുവാൻ മനുഷ്യർക്കാർക്കും കഴിയുന്നതല്ല (പ്രവൃത്തി 4:12). ഈ ലോകവും എല്ലാം ഒരിക്കൽ ഇല്ലാതാകും. അപ്പോൾ എന്തു ചെയ്യും? ദൈവത്തിന്റെ വചനം എന്റെ കാലുകൾക്കു ദീപവും എന്റെ പാതക്കു പ്രകാശവുമാണ് (സങ്കീർത്തനങ്ങൾ 119:105).

സത്യത്തെ ആളുകൾ പരിശോധിച്ച് കണ്ടെത്തി സ്വീകരിക്കണം(പ്രവൃത്തി 17:11). സാഹസികത ഇഷ്ടപ്പെടുന്നവരുണ്ട്. ആത്മീയ സത്യം ഗ്രഹിക്കുവാൻ സത്യവേദപുസ്തകം തരം തിരിച്ച് പ്രതിപാദിച്ചിരിക്കുന്ന വസ്തുതകളെ നാം വായിച്ച് മനസിലാക്കണം (എഫെസ്യർ 3:3-4). ദൈവാത്മാവാണ് അപ്പൊസ്തലന്മാർക്കു ഇതു വെളിപ്പെടുത്തിയത്. നിഷ്പക്ഷമായി വായിച്ചാൽ ദൈവോദ്ദേശം ഗ്രഹി

ക്കാൻ പ്രയാസം വരില്ല. അതിനുള്ള മനസ്സാണ് നമുക്ക് ഏവർക്കും വേണ്ടത്. കാര്യകാരണ സഹിതം ആർ, ആരോട് എപ്പോൾ എന്തിനു വേണ്ടി പറഞ്ഞിരിക്കുന്നു എന്നു വിവേചിച്ച് ഗ്രഹിക്കുക.

## വ്യാഖ്യാനങ്ങൾ

പല രീതിയിൽ ബൈബിളിലെ വാക്യങ്ങൾ ആളുകൾ വ്യാഖ്യാനിച്ചു പ്രചരിപ്പിച്ചിട്ടുണ്ട്. എന്നാൽ പുറത്തു നിന്നുള്ള വ്യാഖ്യാനങ്ങൾ പലതും മാനുഷികമായ ഉപദേശങ്ങൾ കലർന്നതാണ്. ബൈബിൾ ദൈവത്തിന്റേതാകയാൽ ദൈവമാണ് അതിനെ വ്യാഖ്യാനിക്കേണ്ടത്. ബൈബിളിൽ നാം തൃപ്തിപ്പെടണം. നമ്മുടെ ഇഷ്ട പ്രകാരമോ തോന്നലനുസരിച്ചോ തിരുവചനത്തെ മനസിലാക്കി പഠിപ്പിക്കരുത്. ബൈബിളിലെ ഉപദേശം ആയാലും നിയമങ്ങളായാലും ഒന്നിനൊന്നു യോജിച്ചാണിരിക്കുന്നത്. പരസ്പര വിരുദ്ധമല്ല എന്നർത്ഥം. വ്യാഖ്യാനിക്കുമ്പോൾ പരസ്പരവിരുദ്ധമാകുന്നുവെങ്കിൽ അതു വ്യാഖ്യാനിക്കുന്നവരുടെ കുറ്റമാണ്.

നിങ്ങൾ ക്രിസ്തുവിന്റെ ഉപദേശങ്ങളാകുന്ന പുതിയ നിയമത്തെ എങ്ങനെ മനസിലാക്കുന്നു? ദൈവശ്വാസീയ വചനം നിങ്ങൾ അനുസരിച്ചിട്ടുണ്ടോ? ദൈവത്തെ അറിയുവാൻ നിങ്ങൾ തിരുവചനത്തെ പരിശോധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ദൈവത്തിന്റെ സത്യമായ അരുളപ്പാടുകൾ വായിച്ചു മനസിലാക്കി പ്രമാണിക്കുക. ദൈവം നിങ്ങളെ അതിനു സഹായിക്കട്ടെ.

★

## ദശലക്ഷങ്ങളെ തെറ്റിച്ചുകൊണ്ടിരിക്കുന്ന ഉപദേശം

**ബേസിൽ. ഓ**

ബൈബിളിൽ പഠിപ്പിക്കാത്ത ഉപദേശങ്ങൾ, റേഡിയോ, റ്റി.വി. അച്ചടിച്ച കടലാസുകൾ എന്നിവയിൽകൂടെ നിരന്തരമായി വിതരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. രക്ഷിക്കപ്പെടാത്തവരോടു ചില ഉപദേഷ്ടാക്കൾ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. "ഞാൻ പറയുന്നതു നിങ്ങൾ ഏറ്റു പറയുക". "കർത്താവേ ഞാൻ ഒരു പാപിയാണ്. എന്റെ പാപത്തിൽ നിന്നു മാനസാന്തരപ്പെടുന്നു. എന്റെ ഹൃദയത്തിലേക്കു ദയവായി വന്നു എന്നെ രക്ഷിക്കേണമേ". ഇതോ

അല്ലെങ്കിൽ ഇതുപോലെയുള്ളതോ ആയ വാചകങ്ങൾ ആളുകളെ കൊണ്ടു പറയിപ്പിക്കും. എന്നിട്ട് ആളുകളോടു പറയും നിങ്ങൾ ഈ പ്രാർത്ഥന നടത്തിയതുകൊണ്ട് ഇപ്പോൾ നിങ്ങൾ രക്ഷിക്കപ്പെട്ടു ഒരു ക്രിസ്ത്യാനിയായി തീർന്നു.

അങ്ങനെ ഒരാൾ ക്രിസ്ത്യാനിയായി തീരുന്നു എന്ന സൂചന ബൈബിളിലില്ല. ഇത്തരത്തിൽ പ്രാർത്ഥിച്ച് ക്രിസ്ത്യാനിയായി തീർന്നിരിക്കുന്നു എന്നു വിചാരിച്ചവർ വഞ്ചിതരായിരിക്കയാണ്. അത്തരം ആളുകളോടുള്ള സ്നേഹം നിമിത്തമാണ് ഞാനിതു പറയുന്നത്. എന്റെ പ്രാർത്ഥനയും പ്രത്യാശയും എന്തെന്നാൽ അവർ എങ്ങനെ ക്രിസ്ത്യാനിയായി തീരും എന്ന സത്യം മനസിലാക്കും എന്നാണ്.

## ചുങ്കക്കാരന്റെ പ്രാർത്ഥന

ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ടു സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു; അവൻ നീതി കരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി. മറ്റവൻ അങ്ങനെയല്ല തന്നെത്താൻ താഴ്ത്തപ്പെടുന്നവൻ എല്ലാം ഉയർത്തപ്പെടും എന്നും ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കൊസ് 18:13-14).

ചിലർ ഈ വേദഭാഗം എടുത്തു ഒരാൾ ക്രിസ്ത്യാനിയായി തീരുന്ന മാതൃകയാണെന്നു കാണിച്ചു കൊടുക്കുന്നുണ്ട്. ഇതൊരു തെറ്റിദ്ധാരണമൂലമാണ്. കാരണം ചുങ്കക്കാരൻ ഒരു യെഹൂദനായിരുന്നു. ചുങ്കം പിരിക്കുന്നവനുമായിരുന്നു. മൊശെയുടെ ന്യായപ്രമാണപ്രകാരം അവൻ ദൈവപൈതലുമായിരുന്നു. ന്യായപ്രമാണം അന്നു നിലവിലുണ്ടായിരുന്നു. ന്യായപ്രമാണം ക്രൂശിലെ മരണത്താലത്രേ നീങ്ങി പോകുന്നതു (എഫെസ്യർ 2:12-16).

ചുങ്കക്കാരൻ പാപം ചെയ്യുകയും ദൈവത്തോടു ക്ഷമ യാചിക്കയും ചെയ്തതുകൊണ്ട് ദൈവം അവനോട് ക്ഷമിച്ചു. എന്നാൽ യേശു മോശെയുടെ ന്യായപ്രമാണത്തെ നിവർത്തിച്ചു നീക്കി കളയുകയും ആളുകൾ പുതിയനിയമ പ്രകാരം അതായതു സുവിശേഷപ്രകാരം ദൈവമക്കളായി തീരണമെന്നു പഠിപ്പിച്ചു (റോമർ 1:16). പുതിയ നിയമപ്രകാരം പാപമോചനത്തിനു മാനസാന്തരപ്പെട്ട് സ്നാനമേറ്റവർ വീണ്ടും തെറ്റു ചെയ്താൽ മാനസാന്തര

പ്പെട്ട് ദൈവത്തോട് അപേക്ഷിച്ചാൽ ദൈവം അതു ക്ഷമിക്കും (പ്രവൃത്തി 8:20-24).

## തെറ്റിപ്പോയ ക്രിസ്ത്യാനികൾക്കു യോഹന്നാന്റെ നിർദ്ദേശങ്ങൾ

പുതിയനിയമം പ്രാബല്യത്തിൽ വന്നശേഷം സുവിശേഷം അനുസരിച്ചു ദൈവമക്കളായി തീർന്നവർക്കു അപ്പൊസ്തലനായിരുന്ന യോഹന്നാൻ താഴെ പറയുന്ന കാര്യങ്ങൾ എഴുതി. "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മയുണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്കു പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു,അവന്റെ വചനം നമ്മിൽ ഇല്ലാതെയായി(1യോഹന്നാൻ1:7-10).

മുകളിൽ പറഞ്ഞ വാക്യങ്ങൾ എങ്ങനെ ക്രിസ്ത്യാനിയായി തീരണമെന്നു വിവരിക്കുന്നതല്ല. പിന്നെയോ ക്രിസ്ത്യാനികളായി തീർന്ന ശേഷം അബദ്ധവശാൽ പാപത്തിനിരയായി തീരുന്നവർ മാനസാന്തരപ്പെട്ട് ദൈവത്തോട് പ്രാർത്ഥിച്ചാൽ ദൈവം ക്ഷമിക്കും എന്നു പരാമർശിക്കയാണ്. ദൈവത്തിന്റെ അമിതമായ കൃപയാൽ ഈ നിബന്ധനകൾ നാം പാലിക്കുമ്പോൾ ദൈവം നമ്മുടെ പാപങ്ങൾ കണക്കിടാതെ ക്ഷമിക്കുന്നു. പാപം ക്ഷമിക്കുന്ന പിതാവിന്റെ അനുഗ്രഹത്തേക്കാൾ വലിയ അനുഗ്രഹം ഒരു ദൈവപൈതലിനു മറ്റെന്താണുള്ളത്? മറ്റൊന്നില്ല. ദൈവകൃപയുടെ മാഹാത്മ്യം എത്ര വലുതാണ്!

## ക്രിസ്ത്യാനികളായി തീരാത്തവർ എങ്ങനെ രക്ഷിക്കപ്പെടും?

സകല മനുഷ്യർക്കും ദൈവം ഏക പദ്ധതിയാണ് ഒരുക്കിയിരിക്കുന്നത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു സ്വർഗ്ഗാരോഹണത്തിനു മുൻപ് ശിഷ്യന്മാരോട് ആജ്ഞാപിച്ചത്, നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകലജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ, വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:16).

യേശു സ്വർഗ്ഗാരോഹണം ചെയ്തശേഷം ആദ്യത്തെ പെന്തെകൊസ്തു നാളിൽ പരിശുദ്ധാത്മാവ് ശക്തിയോടെ അപ്പൊസ്തലന്മാരിൽ വരികയും പത്രോസ് ദൈവത്തിന്റെ രക്ഷാ പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തു. സുവിശേഷ പ്രസംഗം കേട്ടു വിശ്വസിച്ചവർ അവരുടെ പാപങ്ങളെ കുറിച്ചു ബോധ്യപ്പെട്ടതിനാൽ എന്തു ചെയ്യേണം എന്നു ചോദിച്ചു. അവരോട് അപ്പൊസ്തലന്മാർ ഓരോരുത്തരും മാനസാന്തരപ്പെട്ടു യേശുക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങളുടെ മോചനത്തിനായി, സ്നാനമേല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു (പ്രവൃത്തി 2:38).

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടതു കൊണ്ടാണ് അപ്പൊസ്തലന്മാർ അന്നു സംസാരിച്ചിരുന്നത് അവരെ ദൈവാത്മാവു സകല സത്യത്തിലും വഴിനടത്തുകയായിരുന്നു. പരിശുദ്ധാത്മാവു ഉച്ചരിപ്പാൻ നല്കിയതുപോലെയാണ് അവർ സംസാരിച്ചത് (പ്രവൃത്തി 2:4).

പാപങ്ങൾ ക്ഷമിച്ചു കിട്ടുവാൻ എന്തു ചെയ്യണമെന്നു പത്രൊസ് പറഞ്ഞ വാക്കുകൾ അവർ കൈക്കൊണ്ടു. അതായതു, അവർ വചനം വിശ്വസിച്ചു പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു പിതാവിന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനമേറ്റു എന്നു സാരം. അപ്പോൾ ദൈവം തന്റെ ആത്മാവിനെ അവരിലേയ്ക്കയച്ചു. യെഹൂദമത വിശ്വാസത്തെ വിട്ടുകളഞ്ഞു. അന്നു മൂവായിരം പേർ സ്നാനമേറ്റു.

പുതിയനിയമത്തിൽ അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം മുഴുവൻ വായിക്കുക. അവിടെ പ്രതിപാദിച്ചിരിക്കുന്ന പരിവർത്തനങ്ങളുടെ പ്രത്യേകത നമുക്കു കാണാം അവർ എല്ലാവരും സുവിശേഷം കേട്ടു വിശ്വസിച്ചവരായിരുന്നു. അവർ മാനസാന്തരപ്പെട്ടു സ്നാനപ്പെടുകയും ചെയ്തു. രക്ഷിക്കപ്പെട്ടവരെ കർത്താവു ദിനംപ്രതി സഭയോടു ചേർത്തു കൊണ്ടിരുന്നു. ഒരു പാപിയായ മനുഷ്യൻ രക്ഷ പ്രാപിക്കുന്നതിനുള്ള ദൈവത്തിന്റെ നിബന്ധനയും ക്രിസ്ത്യാനിയായി തീർന്നിട്ടു തെറ്റു ചെയ്യുന്നവർ ക്ഷമിക്കപ്പെടേണ്ടതിനു അനുവർത്തിക്കേണ്ട നിബന്ധനകളും വ്യത്യസ്തമാണ്. അതു മനസിലാക്കാത്തവർ യാഥാർത്ഥ അനുഗ്രഹം പ്രാപിക്കാതിരിക്കും.

## തോന്നലുകൾ നമ്മെ വഞ്ചിക്കും

ചിലർ വിചാരിക്കും അവർ പാരമ്പര്യ ക്രിസ്തീയ ഭവനത്തിൽ ജനിച്ചു വളർന്നതു കൊണ്ട് ഇനി മറ്റൊന്നും വേണ്ടെന്ന്. വേറെ ചിലർക്കു തോന്നുന്നതു അവർ നിരന്തരമായി പ്രാർത്ഥിക്കാറുണ്ട് അതു മതി എന്നാണ്. പള്ളിക്കു കൊടുക്കേണ്ടതു കൊടുത്താൽ എല്ലാറ്റിനും പരിഹാരമായി എന്നാണ് ചിലരുടെ തോന്നൽ. ദൈവ കല്പനകൾ അനുസരിക്കുന്നതിനു പകരമായി മറ്റൊന്നില്ല. തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന ഓരോ കല്പനയും നാം അങ്ങനെ തന്നെ ഗൗരവത്തോടെ അനുസരിക്കണം. അവയ്ക്കൊന്നിനും പകരമായി മറ്റൊന്നില്ല.

ഒരാൾ എന്തു വിശ്വസിക്കുന്നുവോ അതിൻപ്രകാരമാണ് അയാളുടെ ഉള്ളിൽ തോന്നലുകൾ ഉണ്ടാകുന്നത്. നാം കേൾക്കുകയും കാണുകയും പഠിക്കുകയും ചെയ്ത കാര്യങ്ങൾ നമ്മുടെ തോന്നലുകളെ ബാധിക്കും. പക്ഷേ ദൈവ വചനം കേട്ട് അങ്ങനെ തന്നെ അനുസരിച്ചാൽ നമ്മുടെ ഉള്ളിൽ ദൈവിക ആലോചനവരും. അതാണ് നമുക്കാവശ്യം. നമ്മുടെ വിചാരങ്ങൾ അല്ല ദൈവത്തിന്റേത്. നമുക്കു നന്നായി തോന്നുന്നതെല്ലാം നല്ലതാകണമെന്നില്ല. ദൈവ സന്നിധിയിൽ നാം നേരുള്ളവരാകണമെങ്കിൽ നമ്മുടെ ചിന്ത ദൈവികമാകണം. നമ്മെ വഞ്ചിക്കുന്ന സ്വയം തോന്നലുകളെ ഉപേക്ഷിക്കുക.

# ക്രിസ്തുവിന്റെ ശരീരത്തിൽ അംഗങ്ങളുടെ പ്രാധാന്യം

**തോമസ് ഡി**

ഭൗതിക ശരീരത്തിൽ അവയവങ്ങളുടെ പ്രാധാന്യം മിക്കവാറും എല്ലാവർക്കും അറിയാം. ഓരോ അവയവവും ശരീരത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കുള്ളതാണ്. ശരീരത്തെ ഘടിപ്പിച്ചിരിക്കുന്ന രീതിയും പ്രവർത്തനവും നോക്കുമ്പോൾ മനുഷ്യർക്കു പൂർണ്ണമായും മനസ്സിലാക്കുവാൻ സാധ്യമല്ല. കാരണം നമ്മുടെബുദ്ധിപരിമിതമാണ്. ദൈവത്തിന്റെ നിർമ്മാണത്തിന്റെ വൈശിഷ്ട്യമാണ് അതു തെളിയിക്കുന്നത്. ഓരോ അവയവവും വളരെ വിസ്മയാവഹമായിട്ടാണ് പ്രവർത്തിക്കുന്നത്. ഒരവയവത്തിനു എന്തെങ്കിലും കുഴപ്പം സംഭവിക്കുമ്പോൾ ശരീരം ആകെ അതനുഭവിക്കുകയാണ്. എത്ര ശക്തനായാലും അതു വാസ്തവമാണ്.

ആത്മീയമായി നാം അതായതു ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ഏക ശരീരമാണ്. വ്യക്തികളായ അംഗങ്ങൾ ഓരോ അവയവങ്ങളുമാണ്. എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെ അവയവങ്ങളും ആകുന്നു (1കൊരിന്ത്യർ 12:27). സഭ ക്രിസ്തുവിന്റെ ശരീരമാണ്. സഭയോടു ചേർക്കപ്പെടുന്ന രക്ഷിക്കപ്പെട്ടവർ ഓരോരുത്തരും അവയവങ്ങളുമാണ്. ആത്മിക ശരീരത്തിന്റെ നിലനിൽപ്പിനും പ്രവർത്തിക്കും വേണ്ടിയാണ് ദൈവം ഈ പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്. അപ്പൊസ്തലന്മാർ പരിശുദ്ധാത്മനിയോഗത്താൽ പ്രത്യേകിച്ചു പൗലോസ് ഭൗതിക ശരീരവും ആത്മിക ശരീരവും തമ്മിൽതാര തമ്യം ചെയ്യുന്നുണ്ട്(റോമർ12:4-8; 1കൊരിന്ത്യർ12:27). ഭൗതിക ശരീര ത്തിൽ ഓരോ അവയവത്തിനും ഓരോ പ്രവൃത്തിയാണ്. ഒരേ പ്രവൃത്തി അല്ല എന്നർത്ഥം. സഭ എന്ന ശരീരത്തോടു യോജിപ്പിക്കുന്ന അംഗങ്ങളുടെ കഴിവുകളുംപ്രവൃത്തികളും വിഭിന്നമാണ്.

1കൊരിന്ത്യർ 12-ൽ കർത്താവിന്റെ ശരീരത്തിലെയവയവങ്ങളെ പ്രത്യേകതയുള്ള രീതിയിൽ ചിത്രീകരിച്ചിരിക്കുന്നതായി വെളിപ്പെടുത്തിയിട്ടുണ്ട്. ശരീരത്തിലുള്ള അവയവങ്ങൾ അന്യോന്യം ആവശ്യമുള്ള രീതിയിലാണ് ഭൗതിക ശരീരത്തിലെ അവയവങ്ങൾ തങ്ങളുടെ കടമ

നിർവ്വഹിക്കുന്നത്. "കണ്ണിനു കയ്യോട് നിന്നെക്കൊണ്ട് എനിക്കു ആവശ്യമില്ല" എന്നും "തലയ്ക്കു കൈയോട് നിന്നെക്കൊണ്ട് എനിക്കു ആവശ്യമില്ല" എന്നും പറഞ്ഞുകൂടാ. ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങൾ തന്നേ ആവശ്യമായുള്ളവയാകുന്നു. ശരീരത്തിൽ മാനം കുറഞ്ഞവ എന്നു തോന്നുന്നവയ്ക്കു നാം അധികം മാനം അണിയിക്കുന്നു. നമ്മിൽ അഴകു കുറഞ്ഞവയ്ക്കു അഴകു വരുത്തുന്നു. നമ്മിൽ അഴകുള്ള അവയവങ്ങൾക്കു അതിന്റെ ആവശ്യമില്ലല്ലോ. ശരീരത്തിൽ ഭിന്നത വരാത്ത അവയവങ്ങൾ അന്യോന്യം ഒരു പോലെ കരുതേണ്ടതിനായി ദൈവം കുറവുള്ളതിനു അധികം മാനം കൊടുത്തുകൊണ്ടു ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു (1കൊരിന്ത്യർ 12:24-25). അതിനാൽ നാം കാര്യങ്ങളെ വിവേചിക്കാൻ ബാധ്യസ്ഥരാണ്.

ആത്മീയ സഭയെ നോക്കിയാൽ ഓരോരുത്തരുടേയും പശ്ചാത്തലവും പൂർവ്വ വിശ്വാസവും ആചാരങ്ങളും വ്യത്യസ്തമായിരുന്നു എന്നു നമുക്കറിയാം. കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള കഴിവും വെവ്വേറെയാണ്. അതിലെല്ലാം ഏറ്റക്കുറച്ചിലുണ്ട്. വിശ്വാസത്തിന്റെ അളവിലും അതുണ്ട്. ക്രിസ്തുവിൽ എല്ലാവരും തികവുള്ളവരാകുവാനാണ് നമ്മെ കൂട്ടിച്ചേർക്കുന്നത്. ദൈവത്തിന്റെ ഉദ്ദേശം നാം കണക്കാക്കാതിരിക്കരുത്. ബലഹീനതയ്ക്കു ബലം ആവശ്യമാണ്. പരിജ്ഞാനക്കുറവുള്ളവർ കാണും. അവരെ അറിവുള്ളവർ പഠിപ്പിച്ചെടുക്കണം. സ്നേഹവും ശ്രദ്ധയും പ്രോത്സാഹനവും എല്ലാ അംഗങ്ങൾക്കും വേണം എന്നു ദൈവത്തിനറിയാം. അതു നിവർത്തീകരിക്കുന്നതു സഭയിലാണ്. അതു ഒരാളിൽ നിന്നു മറ്റൊരാളിലേയ്ക്കു പകർന്നു കൊടുക്കുക എന്നതാണ് ദൈവിക പദ്ധതി.

അതുപോലെ പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു. ആകയാൽ നമുക്കു ലഭിച്ച കൃപയ്ക്കൊത്തവണ്ണം, ശുശ്രൂഷയിൽ, പ്രബോധനത്തിൽ, ദാനം ചെയ്യുന്നവൻ ഏകാഗ്രതയോടെ, ഭരിക്കുന്നവൻ, ഉത്സാഹത്തോടെ, കരുണ ചെയ്യുന്നവൻ പ്രസന്നതയോടെ ആകട്ടെ (റോമർ 12:5-8). ഇവയെല്ലാം തന്നെ ദൈവകൃപയാൽ നമുക്കു

ലഭിക്കുന്ന താലന്തുകളാണ്. ആ താലന്തുകളെ നാം ഉപയോഗിക്കാതിരിക്കുന്നതു അപകടമാണ്(മത്തായി25:15-28). കർത്താവിന്റെ ശരീരമായി നാം കൂടി വരുമ്പോൾ ദൈവത്തെ ആദരിക്കുകയാണ്. ദൈവത്തിനു മഹത്വം കൊടുക്കുന്നതു നാം കൂട്ടായ്മ ആചരിക്കുമ്പോഴാണ്. ആ ഉദ്ദേശം നമ്മിൽ നിന്നു അവൻ പ്രതീക്ഷിക്കുന്നു.

ദൈവം തന്റെ ഇഷ്ടപ്രകാരമാണ് അംഗങ്ങളെ ശരീരത്തിൽ വച്ചിരിക്കുന്നത്. ദൈവത്തെ മാറ്റുവാൻ നാം ശ്രമിക്കരുത്. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പാനും ആശ്വസിപ്പിക്കുവാനും സമാധാനിപ്പിക്കുവാനും വേണ്ടിയാണത്. ഈ ലോക ജീവിതം പ്രയാസമുള്ളതാണെന്നു ദൈവത്തിനറിയാം. ഒരപ്പൻ തന്റെ മക്കൾ തെറ്റിപ്പോകാതിരിക്കേണ്ടതിനാവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുന്നതു പോലെ സഭയുടെ തലയായ ക്രിസ്തു സഭയ്ക്കാവശ്യമായ ഉപദേശങ്ങൾ തന്നിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ അനുസരിച്ചാണ് ഓരോരുത്തരും പ്രവർത്തിക്കേണ്ടത്. പരസ്പരം ബഹുമാനിക്കുകയും സ്നേഹിക്കയും വേണം. ദൈവവചന പ്രകാരം ജീവിക്കുമ്പോൾ നമുക്കു സന്തോഷവും പ്രതിഫലമായി ധാരാളം അനുഗ്രഹങ്ങൾ വേറെയും ലഭിക്കും.

നമുക്കൊരു രോഗം വന്നാൽ ഭൗതികമായി നമ്മുടെ ശരീരം മുഴുവൻ അതു ബാധിക്കപ്പെടും ജോലി ചെയ്യുവാനോ, ആഹാരം കഴിക്കുവാനോ സാധ്യമല്ലാതാകും. അതുപോലെ കർത്താവിന്റെ ആത്മീയ ശരീരത്തിലെ അവയവങ്ങളിൽ ഒന്നു കഷ്ടം സഹിക്കയാണെങ്കിൽ ശരീരം മുഴുവൻ അതു ബാധിക്കും. കർത്താവിന്റെ ശരീരം, കറ, ചുളുക്കം എന്നിവ ഒന്നുമില്ലാതെ നിർത്തുവാൻ കർത്താവു ആഗ്രഹിക്കുന്നു. നാം കർത്താവിനെ ദു:ഖിപ്പിക്കയോ കോപിപ്പിക്കയോ ചെയ്യരുത്. നാം ദൈവത്തെ പ്രസാദിപ്പിക്കുന്നവരാകണം.

കർത്താവിന്റെ ശരീരമായ സഭയിലുള്ളവർ ഒരേ ആത്മാവു ലഭിച്ചിരിക്കുന്നവരും ഒരേ സ്നാനമേറ്റവരുമാണ്. അവർ ഒരപ്പത്തിന്റെ ഓഹരിക്കാരാണ്. ഓരോരുത്തന്റെ ജോലി അവനവൻ സ്വയമായി ചെയ്യണം. ആരും നിർബന്ധിച്ച് ചെയ്യേണ്ടതല്ല. എല്ലാവരും ദൈവത്തിന്റെ ഉദ്ദേശം പൂർണ്ണമായി മനസ്സിലാക്കി പ്രവർത്തിച്ചാൽ സഭ കർത്താവിന്റേതായി നിലനില്ക്കും. അതു ശക്തി പ്രാപിക്കയും ചെയ്യും.

## മഴ: ഇടുക്കി,കോട്ടയംജില്ലകളിൽ വ്യാപകനാശം മുല്ലപ്പെരിയാർ കവിഞ്ഞൊഴുകി. ഈരാറ്റുപേട്ടയിൽ ഒഴുക്കിൽപ്പെട്ട വീട്ടമ്മയെ കാണാതായി

സംസ്ഥാനത്ത് പരക്കെപ്പെയ്ത കനത്ത മഴയിൽ കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ വ്യാപകമായ നാശനഷ്ടമുണ്ടായി. മുല്ലപ്പെരിയാർ ഡാം നിറഞ്ഞൊഴുകി. മീനച്ചിലാർ, തൊടുപുഴയാർ, മൂവാറ്റുപുഴയാർ എന്നിവ കരകവിഞ്ഞതിനെ തുടർന്ന് പാലാ പട്ടണങ്ങളിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിലായി.

★

## ചതിയിൽപ്പെട്ട് തെരുവിൽ ഇറങ്ങേണ്ടി വരുമെന്ന ഭീതിയുമായി വൃദ്ധദമ്പതികൾ

വാർദ്ധക്യത്തേക്കാൾ തങ്കമ്മയെ തളർത്തുന്നത് തൊണ്ണൂറുകാരനും രോഗിയുമായ ഭർത്താവിനുമൊപ്പം തെരുവിലിറങ്ങേണ്ടി വരുമോ എന്ന ഭീതിയാണ്.

ആജീവനാന്ത സംരക്ഷണം വാഗ്ദാനം ചെയ്ത സംഘടന ആകെയുണ്ടായിരുന്ന സമ്പാദ്യമായ വീടും പറമ്പും വിറ്റു കിട്ടിയ പണം കൈക്കലാക്കി വഞ്ചിച്ചതാണ് കുട്ടികളില്ലാത്ത അനാഥരായ ഈ ദമ്പതികളെ ദുരന്തത്തിലാഴ്ത്തിയത്.

★

## പൂട്ടിക്കിടന്ന കടമറ്റം പള്ളിയുടെ വാതിൽ തുറന്ന നിലയിൽ

ഏഴു വർഷമായി പൂട്ടിക്കിടന്ന കടമറ്റം പള്ളിയുടെ വാതിലുകൾ തുറന്ന നിലയിൽ കണ്ടെത്തി. ഇതറിഞ്ഞ് വിശ്വാസികൾ പള്ളി മുറ്റത്ത് തടിച്ചു കൂടി. പോലീസ് റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് പുതിയ താഴിട്ടു പൂട്ടിയതോടെയാണ് തർക്കങ്ങൾക്കു വിരാമമായത്.

## ആന്ധ്രയിൽ ഇനി കുള്ളന്മാരും വികലാംഗർ

കുള്ളന്മാരെ വികലാംഗരായി അംഗീകരിച്ചു മൂന്നു ശതമാനം ജോലി, സംവരണം, സൗജന്യ ബസ് യാത്ര, റയിൽ ടിക്കറ്റ് കൺസെഷൻ എന്നിവ അനുവദിക്കാൻ ആന്ധ്ര ഗവൺമെന്റ് തീരുമാനിച്ചു.

★

## അമ്മയോടൊപ്പം ഉറങ്ങിക്കിടന്ന കുഞ്ഞിനെ പീഡിപ്പിച്ചു കൊന്ന പ്രതി പിടിയിൽ

അമ്മയോടൊപ്പം ഉറങ്ങിക്കിടന്ന രണ്ടു വയസ്സുകാരിയെ എടുത്തു കൊണ്ടുപോയി പീഡിപ്പിച്ച് ആഭരണങ്ങൾ ഊരിയെടുത്ത ശേഷം ശ്വാസം മുട്ടിച്ചു കൊന്നു കനാലിൽ എറിഞ്ഞു. മുൻപ് ഏഴുവയസ്സുകാരിയെ പീഡിപ്പിച്ചു കൊലപ്പെടുത്തിയ കേസിൽ കോടതി വിട്ടയച്ച പ്രതിയാണു മറ്റൊരു കേസിൽ നാലു ദിവസം മുൻപു ജയിലിൽ നിന്നിറങ്ങി ഈ ഹീന കൃത്യം ചെയ്തത്.

പെൺകുട്ടികളോട് ഇത്തരമൊരു ക്രൂരത സ്ഥിരം തൊഴിലാക്കിയ പൂന്തുറ ചന്തയ്ക്കു സമീപം ടി.സി 69/999 ൽ ചെവിത്തിയാൻ എന്നു വിളിക്കുന്ന സെബാസ്റ്റ്യനെ (24) പോലീസ് അറസ്റ്റു ചെയ്തു. പോഴിയൂരിനടുത്തു തെക്കേക്കൊല്ലംകോട് ഫിഷർമെൻ കോളനി യിൽ സിലുവപിള്ളയുടെ മകൾ ശരണ്യയാണ് (ഷെമി) കൊടും ക്രൂരതയ്ക്കിരയായത്.ശരണ്യ മാതാവ് സെൽവറാണിക്കൊപ്പം വീട്ടിനുള്ളിലും സിലുവപിള്ള മൂത്തമകൻ ശരണിനൊപ്പം ഉമ്മറത്തു കിടന്നുറങ്ങുകയായിരുന്നു. വീട്ടിന്റെ വാതിൽ പുറത്തു നിന്നു കുറ്റിയിട്ട ശേഷമാണ് ഉറങ്ങിയത്.

★

## പിഴയ്ക്കു പകരം പരസ്യവായന; നഗരത്തിൽ അപകടം കുറയുന്നു

ഗതാഗത നിയമ ലംഘനത്തിനു പിഴയ്ക്കു പകരം നിയമം വായിച്ചുള്ള പോലീസ് പരീക്ഷണം വിജയത്തിലേയ്ക്ക്. രണ്ടു മാസംമുൻപ് ആരംഭിച്ച ബോധവൽക്കരണത്തിന്റെ ഫലമായി മുൻ വർഷത്തെ

യപേക്ഷിച്ച് നഗരത്തിൽ കഴിഞ്ഞ രണ്ടു മാസം വാഹനാപകടങ്ങൾ കുറഞ്ഞതായി കണ്ടെത്തി.

ഗതാഗത നിയമം ലംഘിക്കുന്നവർക്ക് പിഴ ചുമത്തേണ്ടതില്ലെന്നും പകരം അവരെക്കൊണ്ട് പരസ്യമായി നിയമവും അത് അനുസരിക്കേണ്ടതിന്റെ ആവശ്യകതയും അടങ്ങിയ കുറിപ്പ് വായിച്ചാൽ മതിയെന്നുമാണ് ദക്ഷിണ മേഖലാ ഐ.ജി: ടി.പി സെൻകുമാർ നിർദ്ദേശിച്ചത്.

★

## പൊട്ടി വീണ വൈദ്യുതിക്കമ്പിയിൽ നിന്നു ഷോക്കേറ്റു വീട്ടമ്മയും ബാലനും മരിച്ചു

വെള്ളത്തിലേക്കു പൊട്ടി വീണ വൈദ്യുത കമ്പിയിൽ നിന്നു ഷോക്കേറ്റു വീട്ടമ്മയും സഹോദര പുത്രനും മരിച്ചു. ചെമ്മനംപടി വാമനപുരം പരേതനായ സെയ്തു മുഹമ്മതിന്റെ ഭാര്യ സൗദാബീവി (45), സഹോദരൻ മുടിയൂർക്കര തസ്ലിം മൻസിൽ മജീദിന്റെ മകൻ മുഹമ്മദ് ഷാഫി (9) എന്നിവരാണ് മരിച്ചത്.

★

## പത്തിന പദ്ധതി ലക്ഷ്യമിടുന്നത്

രാഷ്ട്രപതി ഡോ. എ.പി.ജെ അബ്ദുൾക്കലാം കേരളത്തിന് ഒരു സ്വപ്നം നൽകി: 2010 ആകുമ്പോഴേയ്ക്കും സമ്പന്നമായൊരു സംസ്ഥാനം. ഈ സ്വപ്നം സാക്ഷാൽക്കരിക്കാനാണു രാഷ്ട്രപതി നിയമ സഭാംഗങ്ങൾക്കു മുന്നിൽ പത്തു ദൗത്യങ്ങൾ വച്ചത്.കേരളീയരുടെ ആളോഹരി വരുമാനം മൂന്നു വർഷത്തിനകം 23,000രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിക്കുക.

◆ അഭ്യസ്തവിദ്യരായ 37 ലക്ഷം തോഴിൽ രഹിതർക്കു തൊഴിൽ സാധ്യതകൾ നൽകുന്ന മൂലധന നിക്ഷേപ സൗകര്യങ്ങൾ ഒരുക്കുക

◆ 41 ലക്ഷം വരുന്ന ദാരിദ്ര്യ വിഭാഗങ്ങൾക്കു പുതിയ ജീവിതം നൽകുക.

ഒന്നിച്ചു നിന്നാൽ അഞ്ചു വർഷം കൊണ്ട് ഒരു സമ്പന്ന സംസ്ഥാ

നമാകാൻ കേരളത്തിനു സാധിക്കുമെന്ന് 20 വർഷം കേരളത്തിൽ ജീവിച്ച രാഷ്ട്രപതി അബ്ദുൾകലാം കരുതുന്നു. ഏതു രംഗത്തും മത്സര ക്ഷമത കൈവരിക്കുകയാണു പ്രധാനം. കേരളത്തിന്റെ വിഭവ ശക്തികൾ മനസ്സിൽ വച്ചുകൊണ്ടു രാഷ്ട്രപതി മുന്നോട്ടു വച്ച പത്തിന പദ്ധതി പരിചയപ്പെടുക.

★

## പണം തട്ടിപ്പ്: ഒരാൾ പിടിയിൽ, ദമ്പതികളെ പോലീസ് തിരയുന്നു.

സൗഹൃദം സ്ഥാപിച്ച് ഇരുപതു ലക്ഷത്തോളം രൂപ തട്ടിയെടുത്ത് മുങ്ങിയ സംഘത്തിലെ ഒരാളെ മലയിൻകീഴ് പോലീസ് അറസ്റ്റു ചെയ്തു. ആറ്റിങ്ങൽ കടുവയിൽ ചരുവിള വീട്ടിൽ ഡാനി (26)യാണ് പിടിയിലായത്. കൂട്ടു പ്രതികളും തകഴി സ്വദേശികളുമായ ചാക്കോ (45), അൻസമ്മ (40) ദമ്പതികൾക്കായുള്ള അന്വേഷണം ഊർജ്ജിതമാക്കി.

★

## ഐ.ജിയുടെ വീട്ടിൽ മോഷണ ശ്രമം: വിദേശ വനിതയ്ക്ക് പരുക്ക്

തിരുവനന്തപുരത്ത് ഐ.ജി വേണുഗോപാൽ കെ.നായരുടെ വീട്ടിൽ മോഷണം ശ്രമം. മോഷ്ടാവുമായുള്ള മൽപ്പിടുത്തത്തിനിടയിൽ മർദ്ദനമേറ്റ ഫ്രഞ്ചുകാരിയായ നോബിൾ എലീന(31) യെ പരുക്കുകളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

★

## പെൺവേഷം കെട്ടി ഫോട്ടോ: നാട്ടുകാരുടെ പിടിയിൽ നടൻ

തിരുവനന്തപുരത്ത് പെൺവേഷം കെട്ടി സ്റ്റുഡിയോയിൽ ഫോട്ടോ എടുക്കാനെത്തിയ സീരിയൽ നടനെ നാട്ടുകാർ പിടികൂടി പോലീസിൽ ഏല്പിച്ചു. സന്ധ്യയ്ക്കാണു കിഴക്കേകോട്ടയിലെ സ്റ്റുഡിയോയിൽ ഫോട്ടോ എടുക്കാനെത്തിയ നടന്റെ പെൺവേഷം കണ്ട് ഇയാളെ പിടികൂടി ഫോർട്ട് പോലീസിൽ ഏല്പിച്ചത്.

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M.-7:00 A.M. and Thursdays, 6:45 A.M- 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Firday 3:45 - 4.00 P.M. Speaker : P. K.Varghese Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays, Thursdays, Fridays 5:30 P.M. to 5.45 P. M. Speaker: P.R. Swamy, Box 8405, Bangalore- 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P. M - 2:15 P. M. Speaker, Joshua Gootam, Box-80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your langauage. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Price of Single Copy : Rs. 4/-**
Annual subscription : Rs. 50/-
Reg. No.K. Dis. 90095/86/A8. Reg. No. KL(N) 22/2003-2005
Licensed to post without prepayment No. Tech/62-2 TV(N) 40/2005

*Join us to worship God in Spirit and Truth*
*The*
# CHURCH OF CHRIST
Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday - worship -10.00 am**
**Tuesday - Bible Study - 6.00 pm**
**ALL ARE WELCOME**

All correspondence should be sent to the Editor, The Bible Truth
Post Box No. 5540, Trivandrum-34, Kerala, India.

*From*

**THE BIBLE TRUTH**
**Church of Christ**
Thampuranmukku,
Trivandrum-35
Kerala, India.
Phone : 2303378

*To*